No. CEE/3600/ /KEAM-2021/TA4

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം–2021

## എൻ.ആർ.ഐ വിഭാഗം അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020–21 അദ്ധ്യയന വർഷത്തിൽ, കീം മുഖേനയുള്ള മെഡിക്കൽ കോഴ്സുകളിലേക്ക് അപേക്ഷിച്ച എൻ.ആർ.ഐ വിഭാഗം അപേക്ഷകർക്ക് എംബസി/കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കാത്ത സാഹചര്യത്തിൽ ചില ഇളവുകൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. 2021–22 അദ്ധ്യയന വർഷവും പ്രസ്തുത അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ കീം മുഖേനയുള്ള മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് എംബസി/കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളിൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ 30.11.2021 ലെ ASC/100/21/MBBS/BDS/NRI നിർദ്ദേശപ്രകാരം ഇളവുകൾ അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം എംബസി/ കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കാത്തവർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് ആരംഭിച്ച് ഒരു മാസത്തിനുള്ളിലോ അല്ലെങ്കിൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന രണ്ടാമത്തെ അലോട്ട്മെന്റിന് രണ്ടു ദിവസം മുമ്പായോ (ഏതാണോ ആദ്യം) എംബസി/ കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സമർപ്പിച്ചുകൊള്ളാം എന്ന് വ്യക്തമാക്കുന്ന സ്പോൺസറിൽ നിന്നുള്ള നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ (അതാത് രാജ്യങ്ങളിൽ നിലനിൽക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച്) സത്യവാങ്മൂലം ഹാജരാക്കിയാൽ താത്ക്കാലികമായി എൻ.ആർ.ഐ കാറ്റഗറി അനുവദിക്കുന്നതാണ്. കൂടാതെ വിസയുടെ കാലാവധി കഴിഞ്ഞവർ വിസ പുതുക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന 'ഓൺലൈൻ അക്നോളജ്മെന്റിന്റെ' കോപ്പി സമർപ്പിച്ചാലും എൻ.ആർ.ഐ കാറ്റഗറി താത്ക്കാലികമായി അനുവദിക്കുന്നതാണ്. ഇവർ മേൽ സൂചിപ്പിച്ച കാലാവധിക്കുള്ളിൽ പുതുക്കിയ വിസ സമർപ്പിക്കേണ്ടതുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ എംബസി/ കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളോ പുതുക്കിയ വിസയോ സമർപ്പിക്കാതിരുന്നാൽ താത്ക്കാലികമായി അനുവദിക്കപ്പെട്ട എൻ.ആർ.ഐ കാറ്റഗറി റദ്ദാകുന്നതും എൻ.ആർ.ഐ ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത അഡ്മിഷനും റദ്ദാകുന്നതാണ്. അഡ്മിഷൻ സൂപ്പർ വൈസറി കമ്മിറ്റിയുടെ ഇളവുകൾ സംബന്ധിച്ച മാനദണ്ഡവും ഇതിനായി വിദ്യാർത്ഥികൾ സമർപ്പിക്കേണ്ട സാക്ഷ്യപത്രവും അനുബന്ധമായി ചേർത്തിട്ടുണ്ട്.

അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ പുതുക്കിയ മാനദണ്ഡപ്രകാരം എൻ.ആർ.ഐ ക്വാട്ടയിൽ ലഭിച്ച അപേക്ഷകൾ പുന: പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ആയതു പ്രകാരം 2021 വർഷത്തെ മെഡിക്കൽ കോഴ്സുകളിലേക്ക് എൻ.ആർ.ഐ ക്വാട്ടയിൽ അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും 'Candidate Portal' പരിശോധിച്ച് അപാകതകൾ നിലനിൽക്കുന്ന പക്ഷം അവ പരിഹരിക്കേണ്ടതാണ്. NRI ക്വാട്ടയിൽ സമർപ്പിച്ച എംബസി/കോൺസുലേറ്റിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭിക്കേണ്ട രേഖകളിലെ അപാകതകൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ പുതുക്കിയ മാനദണ്ഡപ്രകാരം പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്ക് **01.12.2021 മുതൽ 10.12.2021 വൈകിട്ട് 5.00 മണി വരെ** സമയം അനുവദിച്ചിട്ടുണ്ട്.

അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2021- Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിശദാംശം ലഭ്യമാകുന്നതാണ്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ നിശ്ചിത സമയത്തിനകം അപ് ലോഡ്ചെയ്ത് ന്യൂനത പരിഹരിക്കാവുന്നതാണ്.

ഇത്തരത്തിൽ അപേക്ഷയിലെ എൻ.ആർ.ഐ രേഖകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കാത്ത വരെ കീം മുഖേനയുള്ള മെഡിക്കൽ കോഴ്സുകളിൽ എൻ.ആർ.ഐ സീറ്റുകളിലേയ്ക്കുള്ള അഡ്മിഷൻ/അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. അലോട്ട്മെന്റിന്റെ തുടർന്നുള്ള ഘട്ടങ്ങളിലും പ്രസ്തുത രേഖകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് വീണ്ടും അവസരം നൽകുന്നതല്ല. അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**



**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.12.2021